(ബി) ആലപ്പുഴ നഗരത്തിലേതുൾപ്പെടെ സംസ്ഥാനത്താകെയുള്ള 132 'സി' ടൈപ്പ് ജെട്ടികളുടെയും 9 'ബി' ടൈപ്പ് ജെട്ടികളുടെയും 13 ലാന്റിംഗ് സ്ഥലങ്ങളുടെയും നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഉദ്ദേശം പത്തു കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടുത്തി സഹായം തേടുന്ന കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) സർക്കാർ ഇക്കാര്യം സജീവമായി പരിഗണിച്ചു വരികയാണ്.

പമ്പാനദിയിലെ മണൽപുറ്റ് നീക്കം ചെയ്യുന്നതിന് നടപടി

53 (217) ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള വള്ളംകളി നടക്കുന്ന വാട്ടർ സ്റ്റേഡിയത്തിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി ആറൻമുള സത്രം കടവിൽ വാട്ടർ അതോറിറ്റി പമ്പ് ഹൗസ് മുതൽ കൊട്ടാരത്ത് കടവ് വരെ പമ്പാ നദിയിലെ മണൽപുറ്റ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ആവശ്യമായ എസ്റ്റിമേറ്റ് എടുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നല്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ–സി) പ്രസ്തുത പണിക്കുവേണ്ട നടപടികൾ കൊല്ലം ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നുണ്ട്.

വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ

54 (218) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന സംസ്ഥാനത്തെ ശുദ്ധജല പദ്ധതികൾ ഏതൊല്ലമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സമയബന്ധിതമായി പൂർത്തിയാകാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(സി) പഴയ പദ്ധതികൾ പൂർത്തികരിക്കാതെ പുതിയ പദ്ധതികൾ തുടങ്ങുന്നത് നിർത്തി വയ്ക്കുന്നതിന് തയ്യാറാകുമോ ;

(ഡി) എല്ലാവർക്കും 2000-മാണ്ടോടെ ശുദ്ധജലം എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly